# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മദ്യനയത്തിൽ മാറ്റം വരുത്തുന്നതിന്</u>
<u>കമ്മീഷൻ</u>

1988 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ.എം. ഷാജി
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിൽ മാറ്റം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇതിനായി കമ്മിഷനെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കമ്മീഷന്റെ പരിശോധനാവിഷയങ്ങൾ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മദ്യനിരോധനം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വിദേശമദ്യത്തിന്റെ നികുതിയിൽ നിന്നും പിരിച്ചെടുത്ത സാമൂഹ്യ സുരക്ഷാസെസ്സ്</u>

1989 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യത്തിന്റെ നികുതിയിൽ സാമൂഹ്യ സുരക്ഷാ സെസ്സായി നടപ്പു സാമ്പത്തിക വർഷം അധികമായി പിരിച്ചെടുക്കാൻ ലക്ഷ്യം വെച്ച തുക എത്രയായിരുന്നു;

(ബി) 2013-ജനുവരി 31 വരെ പിരിച്ചെടുത്ത സാമൂഹ്യ സുരക്ഷാ സെസ്സ് എത്ര തുകയാണ്;

(സി) അധികമായി പിരിച്ചെടുത്ത തുകയിൽ നടപ്പുവർഷം പുതുതായി സാമൂഹ്യ സുരക്ഷയുടെ ഭാഗമായി ചെലവഴിക്കപ്പെട്ട തുക എത്ര; ഏത് ആവശ്യത്തിലേക്ക്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പാൻമസാല വിൽപ്പന തടയുന്നതിന് നടപടി</u>

1990 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻമസാല കച്ചവടം ചെയ്യുന്നത് പിടിക്കുന്നതിനുള്ള അധികാരം എക്സൈസ് വകുപ്പിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവാദിത്തം എക്സൈസ് വകുപ്പിന് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇപ്പോൾ പ്രസ്തുത ദൗത്യം ആരാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അനധികൃതമായി പാൻമസാല വില്പന തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മദ്യനയവും ബാർ ലൈസൻസ് നൽകലും</u>

1991 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിലെ പ്രധാന വ്യവസ്ഥകൾ റദ്ദാക്കിക്കൊണ്ട് കോടതിവിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് റദ്ദാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ബാർ ലൈസൻസ് നൽകുന്നതിൽ നിയന്ത്രണം വരുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം പുന:സ്ഥാപിച്ചതിനുശേഷം എത്ര തദ്ദേശ സ്ഥാപനങ്ങൾ ബാർ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ബാറുകൾക്ക് ലൈസൻസ് നൽകൽ

1992 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ബാർ ലൈസൻസുകൾ നൽകിയത് നടപടിക്രമം പാലിക്കാതെയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബാർ ലൈസൻസുകൾ നൽകിയത് പുന:പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചു; വിശദീകരണം നൽകാമോ;

(സി) ബാർ ലൈസൻസുകൾ എന്ത് മാനദണ്ഡം അനുസരിച്ചാണ് നൽകിയത്; മാനദണ്ഡത്തിൽ മാറ്റം വരുത്തുവാൻ കാരണമെന്ത്; ആരാണ് തീരുമാനമെടുത്തത്; വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഈ സർക്കാർ അധികാരമേറ്റതിനുശേഷം നൽകിയ ബാർ ലൈസൻസുകൾ</u>

1993 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലൈസൻസുകൾ ലഭിച്ച ബാറുടമകളുടെയും ബാറുകളുടെയും പേരുകൾ ഉൾപ്പെടെയുള്ള വിശദവിവരങ്ങളും, ലൈസൻസ് ലഭിച്ച തീയതിയും ജില്ല തിരിച്ചു ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ബാറുകളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി</u>

1994 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര മദ്യ ബാറുകൾ അനുവദിച്ചു;

(ബി) ബാറുകളുടെ വ്യാപനം മദ്യപാനത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുമെന്നതിനാൽ നിലവിലുള്ള ബാറുകളുടെ എണ്ണം കുറയ്ക്കുന്നകാര്യം പരിഗണിക്കാമോ;

(സി) പഞ്ചായത്തുകളിൽ മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് സമീപത്തെ സ്ഥിരവാസികളുടെ/ഗ്രാമസഭയുടെ അംഗീകാരം തേടണമെന്ന നിബന്ധന നടപ്പിലാക്കാൻ നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ബാറുകളിലെ വ്യാജമദ്യവില്പന</u>

1995 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക ബാറുകളിലും ഇന്ത്യൻ നിർമ്മിത വിദേശമദ്യം എന്ന പേരിൽ അപകടകാരിയായ വ്യാജ മദ്യം വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പ് വാങ്ങിയ സെർച്ച് ലൈറ്റുകൾ</u>

1996 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് രാത്രികാല റെയ്ഡിനും മറ്റുമായി സെർച്ച് ലൈറ്റുകൾ വാങ്ങി നൽകിയിരുന്നുവോ; എങ്കിൽ എത്രയെണ്ണമാണ് വാങ്ങിയത്; സെർച്ച് ലൈറ്റുകൾ ഏത് കമ്പനിയുടേതാണ് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം വിതരണം നടത്തിയ സെർച്ച് ലൈറ്റുകൾ തിരികെ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്;

(സി) സെർച്ച് ലൈറ്റുകൾ വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു; ഒരു സെർച്ച് ലൈറ്റിന് എത്ര തുക എന്ന നിരക്കിലാണ് ചെലവായത്;

(ഡി) ഗുണമേന്മയില്ലാത്തതും കമ്പനിയുടെ പേരോ മറ്റു വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ സെർച്ചു ലൈറ്റുകൾ വാങ്ങാനിടയായ സാഹചര്യം വിശദമാക്കുമോ;

(ഇ) സർക്കാർ പണം ഇപ്രകാരം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വിഷമദ്യദുരന്തത്തിന്റെ അന്വേഷണറിപ്പോർട്ട്</u>

1997 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന മലപ്പുറം വിഷമദ്യദുരന്തത്തിന്റെ അന്വേഷണറിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതെത്തുടർന്ന്, വ്യാജമദ്യം തടയുന്നതിനും മറ്റും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) വർദ്ധിച്ചുവരുന്ന സാമൂഹ്യതിന്മകളിൽ മദ്യത്തിനുള്ള പങ്ക് കണക്കിലെടുത്ത് മദ്യനയം കർശനമാക്കുന്നതിനും സ്റ്റാർ ഹോട്ടലുകൾക്കടക്കം പെർമിറ്റ് നൽകുന്നത് തടയാനുമുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്നതുൾപ്പെടെയുള്ള മദ്യവർജ്ജനനയം സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>അനധികൃത സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട കേസ്സുകള്‍</u>

1998 ശ്രീ. വി.ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം അനധികൃതമായി കടത്തിയ എത്ര ലിറ്റര്‍ സ്പിരിറ്റാണ് വിവിധ കേന്ദ്രങ്ങളിലായി പിടിച്ചെടുത്തിട്ടുളളത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മദ്യവിപത്തിനെതിരായ ബോധവത്ക്കരണം</u>

1999 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യവിപത്തിനെതിരായി പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും നടത്തിയ പരിപാടികളുടെ ലിസ്റ്റും ഓരോ ഇനത്തിലും ചെലവായ തുകയുടെ കണക്കും ലഭ്യമാക്കുമോ ;

(സി) ബോധവത്ക്കരണ പരിപാടികൾക്കുള്ള ഫണ്ട് കണ്ടെത്തുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മദ്യപാനത്തിനെതിരെ ബോധവല്‍ക്കരണം</u>

2000 ശ്രീ. സി. എഫ്. തോമസ്
,, മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യപാനം നിരുത്സാഹപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന സാമൂഹ്യ ബോധവല്‍ക്കരണം കോളേജുകളിലും, സ്കൂളുകളിലും നടത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മദ്യഉപയോഗവും മദ്യാസക്തിയും കുറയ്ക്കുന്നതിന് ബോധവല്‍ക്കരണവും മനോരോഗ ചികിത്സയും നടത്തുന്ന സന്നദ്ധസംഘടനകളെയും, പ്രസ്ഥാനങ്ങളെയും സഹായിക്കുവാന്‍ പദ്ധതികള്‍ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മദ്യാസക്തിയും മയക്ക് മരുന്ന് ഉപയോഗവും തടയുന്നതിന് നടപടി</u>

2001 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവാക്കളിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും മയക്ക് മരുന്ന് ഉപയോഗവും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നടപടികൾ മൂലം ഇവ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

വടകര, നാദാപുരം, പേരാമ്പ്ര റേഞ്ചുകളിൽ
മദ്യവിപത്തിനെതിരെ ബോധവൽക്കരണ പരിപാടി

2002 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മദ്യവിപത്തിനെതിരായി നടത്തുന്ന ബോധവൽക്കരണപരിപാടികളിൽ വടകര, നാദാപുരം, പേരാമ്പ്ര എക്സൈസ് റേഞ്ചുകളിൽ എന്തെല്ലാം പരിപാടികളാണ് നടത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഞ്ചുകളിൽ ഏതെല്ലാം സ്ഥലത്താണ് പരിപാടികൾ നടത്തിയതെന്നും ജനപങ്കാളിത്തം എത്രയുണ്ടായിരുന്നെന്നും വ്യക്തമാക്കുമോ;

(സി) ഓരോ പരിപാടിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ എക്സൈസ് റേഞ്ച് ഓഫീസിൽ ജീവനക്കാരെ നിയമിക്കാൻ നടപടി</u>

2003 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എക്സൈസ് റേഞ്ച് ഓഫീസിൽ അനുവദനീയമായ തസ്തികകൾ എത്ര; ഓരോ തസ്തികയിലും എത്രപേർ ജോലി ചെയ്യുന്നു; ഒഴിവുകളെത്ര എന്ന് അറിയിക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ എക്സൈസ് റേഞ്ച് ഓഫീസിൽ ഡ്രൈവർ തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു; ഡ്രൈവർ തസ്തികയിൽ നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

## കെമിക്കൽ ലാബ്

2004 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ കെമിക്കൽ ലാബ് ഇല്ലാത്തത് എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴയിൽ കെമിക്കൽ ലാബ് തുടങ്ങുവാൻ എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം കെമിക്കൽ ലാബിൽ എക്സൈസ് വകുപ്പ് നൽകുന്ന സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ബീവറേജസ് കോർപ്പറേഷന് മദ്യ സംഭരണത്തിന് ഭൂമിയും കെട്ടിടവും

2005

ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ സൗകര്യം ഉപേക്ഷിച്ച് വിദേശമദ്യസംഭരണത്തിനും വില്പനയ്ക്കുമായി ബീവറേജസ് കോർപ്പറേഷൻ സ്വന്തമായി ഭൂമിയും കെട്ടിടവും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം പ്രഖ്യാപിത മദ്യനയത്തിന് എതിരാകില്ലേ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനെ പ്രസ്തുത തീരുമാനം കൂടുതൽ ദോഷകരമായി ബാധിക്കില്ലേ;

(ഡി) ബീവറേജസ് കോർപ്പറേഷൻ സ്വന്തമായി മദ്യം ഉല്പാദിപ്പിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഭാവിയിൽ ഇതിനായി ആലോചിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പുനരുദ്ധാരണം</u>

2006 ശ്രീ.പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; ചെലവഴിച്ചത് എത്ര; എല്ലാ കെട്ടിടങ്ങളുടെയും പുനരുദ്ധാരണം പൂർത്തിയാക്കാൻ എന്ത് തുക ആവശ്യമാണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

**കുട്ടനാട് നിയോജകമണ്ഡലത്തിലെ എക്സൈസ് ഷോപ്പിങ് കോംപ്ലക്സ്**

2007 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ 110 ലക്ഷം രൂപ അടങ്കലുള്ള എക്സൈസ് ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന് സോയിൽ ടെസ്റ്റിങ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ബന്ദടുക്ക എക്സൈസ് റെയ്ഞ്ച് ഓഫീസിന് കെട്ടിടം</u>

2008 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബന്ദടുക്ക റെയിഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിക്കോൽ വില്ലേജിൽ സ്ഥലം കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കൈമാറിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം</u>

2009 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനായി കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഏതെല്ലാം തുറമുഖങ്ങളാണ് നവീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) നവീകരണം പൂർത്തിയാക്കാനായി എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനം</u>

2010 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി എന്തു തുക ചിലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാം തുറമുഖങ്ങൾക്കായാണ് ചിലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ ഓരോ തുറമുഖത്തിനും വേണ്ടി ചിലവാക്കിയ തുകയുടെ കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

തീരദേശ വികസനം

2011 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം തീരദേശ വികസനവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികള്‍ക്കായാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

കല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകളുടെ ഭരണാനുമതി

2012 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുളളത്;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്ത ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ പുന്നച്ചേരി - മുട്ടിൽ ഡാം റോഡിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതി</u>

2013 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതിയ്ക്ക് എന്നാണ് തുടക്കം കുറിച്ചതെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുറമുഖത്തിന്റെ പുനർനിർമ്മാണത്തിന് എത്ര തുകയുടെ പ്രോജക്ടിനാണ് അംഗീകാരം നൽകിയതെന്നും, അംഗീകാരം നൽകിയ പ്രോജക്ടിലെ ഘടകങ്ങളും അവയ്ക്ക് ഓരോന്നിനും കണക്കാക്കായിട്ടുള്ള തുകയും വ്യക്തമാക്കാമോ ;

(സി) മുതലപ്പൊഴി തുറമുഖ പ്രോജക്ട് നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും, ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാകുമെന്നും, എത്ര സമയംകൊണ്ട് പൂർത്തിയാക്കാനാവുമെന്നും വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണം</u>

2014 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയാകാത്ത മുതലപ്പൊഴി തുറമുഖത്തിനടുത്തുള്ള താഴമ്പള്ളി, പൂന്തുറ, പെരുമാതുറ, പുതുക്കുറിച്ചി പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നതിന് വളരെയേറെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) ഈ പ്രദേശങ്ങളിൽ നിന്നും മത്സ്യബന്ധനത്തിന് ഉപയോഗിച്ച താങ്ങുവല, വള്ളങ്ങൾ എന്നിവ തുറമുഖത്തിനുവേണ്ടി നിർമ്മിച്ച പുലിമുട്ടിൽ തട്ടി തകർന്നുപോയ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നശിച്ചുപോയ താങ്ങുവലകൾക്കും, വള്ളങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ഈ പ്രദേശങ്ങളിൽ നിന്നും ലഭിച്ചുവെന്നും ലഭിച്ചവ ആരുടെയൊക്കെ അപേക്ഷകളായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) അപേക്ഷകരിൽ ആർക്കൊക്കെ ധനസഹായം നൽകിയെന്നും ധനസഹായം നൽകാത്ത അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ</u>

2015 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ സർവ്വേ നടത്തി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയങ്ങാടി വില്ലേജ് പരിധിയിലുള്ള സ്ഥലം സർവ്വേ നടത്തി അളന്നു തിട്ടപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പൂവാറിൽ രാജ്യാന്തര കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കാൻ നടപടി</u>

2016 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട രാജ്യാന്തര കപ്പൽ നിർമ്മാണ കേന്ദ്രം തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ

(ബി) എങ്കിൽ, ആയത് എന്താണെന്നു വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കപ്പൽ നിർമ്മാണ കേന്ദ്രം പൂവാറിൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊന്ന ഇറ്റാലിയൻ നാവികരുടെ കേസിൽ റിവ്യൂഹർജി നൽകുന്നതിനുള്ള നടപടി</u>

2017 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എസ്. ശർമ്മ
,, ആർ. രാജേഷ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ട് മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവെച്ച് കൊന്ന ഇറ്റാലിയൻ നാവികരുടെ കേസിൽ സുപ്രീം കോടതി വിധിക്ക് സംസ്ഥാന സർക്കാർ റിവ്യൂഹർജി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേസിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും എടുത്ത നിലപാട് ഒന്നുതന്നെയാണോ എന്ന് വ്യക്തമാക്കുമോ;

(സി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന ഇന്ത്യാക്കാരുടെ കാര്യത്തിലില്ലാത്ത താല്പര്യം ഇറ്റാലിയൻ നാവികരുടെ കാര്യത്തിൽ പ്രകടിപ്പിച്ചു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേസിൽ സംസ്ഥാന ഗവൺമെന്റ് റിവ്യൂ ഹർജി നൽകുന്നുണ്ടെങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>തീരദേശ കപ്പൽപാത, കപ്പലിടിച്ച് മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് സഹായധനം</u>

2018 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽപാതയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ഇതു മൂലമുണ്ടാകുന്ന ഭീഷണികളെയും ബുദ്ധിമുട്ടുകളെയും കുറിച്ച് പഠിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ വിശദമായ പഠനം നടത്തുമോ ;

(സി) കപ്പലിടിച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഈ സർക്കാർ നൽകിയ സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ; ഇവരുടെ കുടുംബത്തിന് കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>തീരദേശ റോഡ് വികസനം</u>

2019 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡ് വികസനത്തിനായി 2011-2012ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 10 കോടി രൂപ ഏതെല്ലാം ജില്ലകളിൽ എത്ര റോഡുകൾക്കായിട്ടാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) വകയിരുത്തിയ 10 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച തുകയെത്ര ;

(സി) 2012-2013ലെ ബഡ്ജറ്റിൽ തീരദേശ റോഡുകളുടെ വികസനത്തിനായി നീക്കി വച്ചിട്ടുള്ള 55 കോടി രൂപയിൽ ഏതൊക്കെ റോഡുകൾക്കായി എത്ര തുകയുടെ ഭരണാനുമതി നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് നൽകാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സുനാമി ബാധിത പ്രദേശങ്ങളിലെ റോഡ് പുനർനിർമ്മാണം</u>

2020 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പ്രദേശങ്ങളിലെ റോഡ് പുനർ നിർമ്മിക്കുന്നതിനുവേണ്ടി തുറമുഖ വകുപ്പ് എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിച്ചിട്ടുണ്ട്; ഏതെല്ലാം;

(സി) അഴീക്കൽ-ആലപ്പാട് റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പരവൂർ വാട്ടർ ടാങ്ക്- പ്രസന്നാ തീയേറ്റർ റോഡ് നിർമ്മാണം

2021 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ വാട്ടർടാങ്ക്-പെരുമ്പുഴ സ്കൂൾ-മാലാക്കായൽ കോളനി-പ്രസന്നാ തീയേറ്റർ റോഡ് നിർമ്മാണം എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചത് എന്നാണ് ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ പ്രവർത്തനപുരോഗതി വിശദീകരിക്കുമോ ; കരാർപ്രകാരം എന്നാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടുന്നത് ;

(സി) പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മുതിയം ബീച്ചിൽ പാലം നിർമ്മിക്കുവാൻ നടപടി</u>

2022 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ മുതിയം ബീച്ചിൽ മുതിയം തോടിൽ തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പാലം നിർമ്മിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കായിക്കര പാലം നിർമ്മാണം</u>

2023 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വക്കം, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പള്ളിക്കടവ് പ്രദേശത്ത് ഫിഷിംഗ് ലാന്റും സംരക്ഷണ ഭിത്തിയും</u>

2024 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവ് പ്രദേശത്ത് ഫിഷിംഗ് ലാന്റും സംരക്ഷണഭിത്തിയും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ധനസഹായം 2013-14 സാമ്പത്തിക വർഷത്തേക്ക് നബാർഡിൽ നിന്ന് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ഹൗസ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

2025 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ട് ദുരന്തങ്ങൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഹൗസ് ബോട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഹൗസ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാത്ത ഹൗസ് ബോട്ടുകൾ കണ്ടുകെട്ടുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തീരദേശ മേഖലയുടെ സമഗ്ര വികസനം</u>

2026 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
,, എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) തീരദേശ മേഖലയോട് ചേർന്ന് എത്ര മത്സ്യബന്ധന ഗ്രാമങ്ങളാണുള്ളത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) 2013-14 സാമ്പത്തിക വർഷം തീരദേശ മേഖലയുടെ സമഗ്രവികസനത്തിനായി എത്ര തുക ചെലവഴിയ്ക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യ സമൃദ്ധി പദ്ധതി</u>

2027 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമൃദ്ധി പദ്ധതിയുടെ ഫലമായി ഉൾനാടൻ മത്സ്യ ഉൽപാദനം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകൾക്കാണ് പ്രസ്തുത പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യഗ്രാമങ്ങൾ</u>

2028 ശ്രീ. പി.സി.ജോർജ്
,, എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ.ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നാണ് നിലവിൽ വന്നത്; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സ്ഥാപനം നിലവിൽ വന്നതിനുശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) മാതൃകാ മത്സ്യഗ്രാമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) മത്സ്യ വിപണനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തി പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

മത്സ്യ കയറ്റുമതിയിലൂടെ ലഭിച്ച വിദേശനാണ്യം

2029 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യകയറ്റുമതിയിലൂടെ ഈ സാമ്പത്തികവർഷം എത്ര വിദേശനാണ്യം ലഭിച്ചിട്ടുണ്ട് ;

(ബി) സംസ്ക്കരിക്കുമ്പോൾ ഉണ്ടായ പാളിച്ചകൾ കാരണം വിദേശത്ത് കയറ്റി അയക്കുന്ന മത്സ്യങ്ങൾ തിരികെ അയച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുവാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>അഡാക് ഫിർമ ഏജൻസികൾ നടപ്പാക്കിയ പദ്ധതികൾ</u>

2030 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന് കീഴിൽ അഡാക് ഫിർമ എന്നീ ഏജൻസികൾ ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഏജൻസികളുടെ കീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഇനി നടപ്പിലാക്കുവാനുള്ളതും ഫണ്ട് അനുവദിക്കാനുള്ളതുമായ പ്രൊപ്പോസലുകൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ട്രോളിങ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചതിനുള്ള സാഹചര്യം

2031 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏതു സാഹചര്യത്തിലാണ് ട്രോളിങ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>അനധികൃത ട്രോളിംഗിനെതിരെ നടപടി</u>

2032 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള യന്ത്രവൽകൃതബോട്ടുകൾ അനധികൃത ട്രോളിംഗ് നടത്തുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മൽസ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ്</u>

2033 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത കാർഡുകൾ കൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുള്ള മത്സ്യഫെഡ് പദ്ധതികൾ</u>

2034 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് മത്സ്യഫെഡ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികൾക്കാണ് എൻ.എം.ഡി.എഫ്.സി. മുഖേന ധനസഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കോർപ്പറേഷന്റെ ധനസഹായം ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യമേഖലയിൽ വികസന സർവ്വേ</u>

2035 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ വികസന സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് സർവ്വേ നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പരമ്പരാഗത മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ അധിക മണ്ണെണ്ണ</u>

2036 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗതമായിമത്സ്യബന്ധനം നടത്തുന്ന എത്ര യന്ത്രവത്കൃത ബോട്ടുകളാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ ബോട്ടിനും ഇപ്പോൾ എത്ര ലിറ്റർ മണ്ണെണ്ണയാണ് സബ്സിഡി നിരക്കിൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആരാണ് മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നത്;

(ഡി) ബോട്ടുകൾക്ക് സബ്സിഡിനിരക്കിൽ കൂടുതൽ മണ്ണെണ്ണ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ഡീസൽ വിലവർദ്ധനവ് മൂലം മത്സ്യ ബന്ധന മേഖല നേരിടുന്ന പ്രതിസന്ധി

2037 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവ് മൂലം മത്സ്യബന്ധനമേഖല പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഡീസൽ വില നിയന്ത്രണം എടുത്തുകളഞ്ഞ നടപടിയോടുള്ള ഫിഷറീസ് വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കു വീടു നിർമ്മിച്ചുനൽകുന്ന പദ്ധതി</u>

2038 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന വീടുകളുടെ എണ്ണം കഴിഞ്ഞവർഷത്തേക്കാൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ഒന്നോ രണ്ടോ വിധവകൾക്കു മാത്രമാണ് വീടുകൾ നൽകുന്നതെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇവയുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുള്ള ഭവനരഹിതരായ മത്സ്യത്തൊഴിലാളികളിൽ കൂടുതൽ പേർക്ക് വീടുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ക്ഷേമനിധിയുടെ മാറാട് കളക്ഷൻ സെന്റർ</u>

2039 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യപദ്ധതി ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് 'മാറാട്' ഉണ്ടായിരുന്ന കളക്ഷൻ സെന്റർ പുന:സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളക്ഷൻ സെന്റർ പുന:സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഫിഷറീസ് ഡിസ്പെൻസറികൾ</u>

2040 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് ഡിസ്പെൻസറികൾ എവിടെയെല്ലാമാണുള്ളത് എന്ന് വ്യക്തമാക്കുമോ; കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാം;

(ബി) കൊയിലാണ്ടിയിൽ ഫിഷറീസ് ഡിസ്പെൻസറി ആരംഭിക്കാൻ മുൻപ് എന്തെങ്കിലും തീരുമാനം എടുത്തിരുന്നുവോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി ആരംഭിച്ച ഫിഷറീസ് ഡിസ്പെൻസറികൾ ഏതെല്ലാം; എവിടെയെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യ സമ്പത്തിലെ കുറവ്</u>

2041 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ്സ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയങ്ങളിലും തീരപ്രദേശത്തും മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണമെന്തെന്ന് കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ട്രോളിംഗ് നിരോധനം കൊണ്ട് ഉണ്ടായിട്ടുള്ള പ്രയോജനം എന്തെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കൃത്രിമപാരുകൾ</u>

2042 ശ്രീ. എം. ഉമ്മർ
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാരുകൾ (ആർട്ടിഫിഷ്യൽ റീഫ്) സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) കൃത്രിമ പാരുകളിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കൃത്രിമ പാരുകളുടെ നിർമ്മാണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ചെലവാക്കിയ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യവിത്ത് നിയമം</u>

2043 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിത്ത് നിയമം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മാലിന്യങ്ങൾ കാരണം കുറയുന്ന മത്സ്യസമ്പത്ത്</u>

2044 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിക്ഷേപം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജലാശയങ്ങളിലെ മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നത് മാലിന്യങ്ങളുടെ ആധിക്യം കാരണമാണെന്ന വിദഗ്ധാഭിപ്രായം കണക്കിലെടുത്ത് പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വിദഗ്ധാഭിപ്രായം കണക്കിലെടുത്ത് അടിയന്തിരമായ പരിഹാരനടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

2045 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾ എതെല്ലാം ഏജൻസി/ ഡിപ്പാർട്ട്മെന്റ് മുഖേനയാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടി റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊയിലാണ്ടി സെക്ഷനിൽ നിന്ന് സമർപ്പിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മത്സ്യഫെഡിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ്</u>

2046 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും**
**എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ നിയമനങ്ങൾക്കായി കഴിഞ്ഞ ഭരണസമിതി സ്പെഷ്യൽ റൂൾ തയ്യാറാക്കി സർക്കാരിനും പി. എസ്. സി. ക്കും സമർപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യഫെഡിലെ പ്രോജക്ട് ഓഫീസർ തസ്തികയിൽ തിരുവനന്തപുരം, കൊല്ലം ആലപ്പുഴ ജില്ലകളിൽ 2012 നവംബർ വരെ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ജില്ലകളിൽ പ്രോജക്ട് ആഫീസർ തസ്തികയിൽ ട്രെയിനിയായി അവസാനമായി എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരെ എന്നാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പരവൂർ തെക്കുംഭാഗം 'മത്സ്യഗ്രാമം' ആയി പ്രഖ്യാപിക്കണമെന്ന ആവശ്യം</u>

2047 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് 2013-14 വർഷത്തിൽ 'മത്സ്യഗ്രാമം' പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്കു വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം 'മത്സ്യഗ്രാമം' ആയി പ്രഖ്യാപിക്കണമെന്ന ദീർഘനാളത്തെ ആവശ്യം അംഗീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വെട്ടം മാതൃകാമത്സ്യഗ്രാമം</u>

2048

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ മാതൃകാ മത്സ്യഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ള "വെട്ടം മത്സ്യഗ്രാമ"-ത്തിൽ 2013-14 വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) 21.12.2011 - ലെ സ.ഉ.(സാധാ)നം.874/11/മ.തു.വ. ഉത്തരവ് പ്രകാരം മാതൃകാ മത്സ്യഗ്രാമമായി പ്രഖ്യാപിച്ച വെട്ടം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വെട്ടം പഞ്ചായത്തിലെ റോഡുകളുടെ പണികൾക്കാവശ്യമായ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ലഭ്യമാക്കാമോ;

(ഡി) 2010-11, 2011-12, 2012-13 വർഷങ്ങളിൽ തീരദേശ റോഡുകളുടെ പണിക്കായി ആകെ എത്ര തുക അനുവദിച്ചു; ജില്ല, നിയോജകമണ്ഡലങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഇ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷത്തിൽ ഭരണാനുമതി നൽകിയ തീരദേശ റോഡുകൾ പ്രവൃത്തി, തുക എന്നിവ ഉൾപ്പെടുന്ന വിശദാംശം - നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസം</u>

2049 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് എറണാകുളം ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകൾക്കായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>അഴീക്കോട് മുനയ്ക്കൽ ഫിഷ്ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം</u>

2050 ശ്രീ. വി.എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും**
**എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മുനയ്ക്കൽ ഫിഷ്ലാന്റിംഗ് സെന്ററിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഒരു സ്വകാര്യ കമ്പനി നേടിയ ഹൈക്കോടതി സ്റ്റേ നീക്കം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കടലുണ്ടി കടവിൽ വള്ളങ്ങൾ കരയ്ക്കടുപ്പിക്കുന്നതിന് സൗകര്യങ്ങൾ</u>

2051 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ കടലുണ്ടി കടവിൽ മത്സ്യത്തൊഴിലാളികൾക്ക് വള്ളങ്ങൾ കരയ്ക്കടുപ്പിക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരം കാണുവാൻ തീരപ്രദേശത്ത് പ്ലാറ്റ് ഫോമും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പണി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>മാർക്കറ്റിംഗ് ബോയ്കൾ</u>

2052 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളിലും കായലുകളിലും മാർക്കിംഗ് ബോയ്കൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മാർക്കിംഗ് ബോയ്കൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ;

(സി) ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>അക്വാ ക്ലിനിക്</u>

2053 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്വാ ക്ലിനിക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയാണ്; വിശദമാക്കാമോ;

(ഡി) ഇതിന് എന്തെല്ലാം കേന്ദ്ര ധനസഹായമാണ് ലഭിക്കുന്നത്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ജലമാർഗ്ഗമുള്ള ചരക്കു നീക്കം യാഥാർത്ഥ്യമാക്കാൻ പദ്ധതി</u>

2054 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബഹനാൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലമാർഗ്ഗമുള്ള ചരക്കു നീക്കം യാഥാർത്ഥ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ തുറമുഖങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് പ്രസ്തുത പദ്ധതിയിൽ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇത് സംബന്ധിച്ചുള്ള സാം പിത്രോഡയുടെ നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തീരദേശ കപ്പൽ ഗതാഗതം</u>

2055 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>എയർകേരളയുടെ രൂപീകരണം</u>

2056 ശ്രീ. എളമരം കരീം
'' ജെയിംസ് മാത്യു
'' കെ. വി. അബ്ദുൾ ഖാദർ
'' പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർലൈൻസ് ആരംഭിക്കുന്നതിനുമുള്ള കേന്ദ്രമാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത് പരിഗണിച്ചതിനുശേഷമാണോ എയർകേരള രൂപീകരണം സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് എന്നറിയിക്കുമോ;

(ബി) കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യമായി വരുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച ആവശ്യങ്ങൾ കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) എയർകേരള ഡയറക്ടർ ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട്; അവർ ആരൊക്കെയാണ് വ്യക്തമാക്കുമോ?